ചെറുവണ്ണൂർ നോർത്ത് എം.L.P സ്കൂൾ

# വെളിച്ചം

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# ആമുഖം

വിദ്യാലയമാസ്റ്റർപ്ലാൻഒരുവിദ്യാലയത്തിന്റെ ഭാവിക്കുവേണ്ടിയുള്ള ഒരു സമഗ്ര രൂപരേഖയാണ്. ഇത് വെറുമൊരു കെട്ടിട നിർമ്മാണപദ്ധതിയല്ല,മറിച്ച്അക്കാദമിക ഭൗതിക, സാമൂഹിക മേഖലകളിലെ വിദ്യാലയത്തിന്റെവളർച്ചയ്ക്കുംവികസനത്തിനുംവേണ്ടിയുള്ളഒരുമാർഗ്ഗരേഖയാണ്.ഒരുമാസ്റ്റർപ്ലാനിന്റെപ്രധാനപ്രാധാന്യങ്ങൾ

ഒരു വിദ്യാലയ മാസ്റ്റർ പ്ലാൻ ഒരു സ്ഥാപനത്തിന് വ്യക്തമായ കാഴ്ചപ്പാടും ലക്ഷ്യങ്ങളും നൽകുന്നു. എങ്ങോട്ടാണ് വിദ്യാലയം പോകേണ്ടതെന്നും എന്തൊക്കെനേട്ടങ്ങളാണ്കൈവരിക്കേണ്ടതെന്നും ഇത് വ്യക്തമാക്കുന്നു. ഇത് വിദ്യാലയഅധികാരികൾക്കുംഅധ്യാപകർക്കുംവിദ്യാർത്ഥികൾക്കുംരക്ഷിതാക്കൾക്കുംഒരുപോലെദിശാബോധംനൽകുന്നു.

വിദ്യാലയത്തിന്റെ സാമ്പത്തികവും

അല്ലാത്തതുമായ വിഭവങ്ങൾ എങ്ങനെ ഏറ്റവുംകാര്യക്ഷമമായിവിനിയോഗിക്കാമെന്ന് മാസ്റ്റർ പ്ലാൻ നിർദ്ദേശിക്കുന്നു. പുതിയകെട്ടിടങ്ങൾ,ലാബുകൾ,ലൈബ്രറി, കളിസ്ഥലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണത്തിനും നവീകരണത്തിനും എന്ത് ക്രമീകരണമാണ് വേണ്ടതെന്ന് ഇത് വ്യക്തമാക്കുന്നു. വിഭവങ്ങളുടെ ദുരുപയോഗം ഒഴിവാക്കി ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുന്നു.ഒരു നല്ല മാസ്റ്റർ പ്ലാൻ അക്കാദമിക് നിലവാരം ഉയർത്തുന്നതിന് ഊന്നൽ നൽകുന്നു. പുതിയ പഠന രീതികൾ, സാങ്കേതിക വിദ്യയുടെഉപയോഗം,അധ്യാപകപരിശീലനം, പാഠ്യപദ്ധതി പരിഷ്കരണങ്ങൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. വിദ്യാർത്ഥികൾക്ക്മികച്ചപഠനാന്തരീക്ഷം ഒരുക്കുന്നതിനുംഅവരുടെപഠനനിലവാരംമെച്ചപ്പെടുത്തുന്നതിനുംസഹായിക്കുന്നു.സുസ്ഥിര വികസനം സാധ്യമാക്കുന്നു ദീർഘകാലാടിസ്ഥാനത്തിലുള്ളവിദ്യാലയ

ത്തിന്റെ വളർച്ചയും വികസനവും ഒരു മാസ്റ്റർ പ്ലാൻ ഉറപ്പാക്കുന്നു. പരിസ്ഥിതി സൗഹൃദപരമായ നിർമ്മാണ രീതികൾ, ഊർജ്ജ സംരക്ഷണം, ജലസംരക്ഷണം തുടങ്ങിയകാര്യങ്ങൾഇതിൽപരിഗണിക്കപ്പെടുന്നു.വിദ്യാലയത്തെഭാവിതലമുറകൾക്ക് കൂടി പ്രയോജനകരമായരീതിയിൽ നിലനിർത്താൻ സഹായിക്കുന്നു.

മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രക്രിയയിൽഅധ്യാപകർ,വിദ്യാർത്ഥികൾ, രക്ഷിതാക്കൾ,പൂർവ്വവിദ്യാർത്ഥികൾ, പ്രാദേശിക സമൂഹംഎന്നിവരുടെയെല്ലാം പങ്കാളിത്തംഉറപ്പാക്കുന്നു.വിദ്യാലയത്തിന്റെ വികസനത്തിൽ എല്ലാവർക്കും ഒരുമിച്ച് പ്രവർത്തിക്കാനുള്ള അവസരം നൽകുകയും കൂട്ടായ ഉത്തരവാദിത്തം വളർത്തുകയും ചെയ്യുന്നു.

ആസൂത്രണവും മേൽനോട്ടവുംഎളുപ്പമാക്കുന്നുമാസ്റ്റർ പ്ലാൻ ഉള്ളതുകൊണ്ട് വിദ്യാലയവികസന പ്രവർത്തനങ്ങൾകൂടുതൽഎളുപ്പത്തിൽ

ആസൂത്രണം ചെയ്യാനും മേൽനോട്ടം വഹിക്കാനുംസാധിക്കുന്നു.ഓരോഘട്ട ത്തിലുംഎന്തൊക്കെയാണ്ചെയ്യേണ്ടതെ ന്നുംഅതിന്എത്രസമയംഎടുക്കുമെന്നും എത്ര പണം ചിലവഴിക്കുമെന്നും വ്യക്തമായ ധാരണ നൽകുന്നു. ഇത് പ്രവർത്തനങ്ങളെകൂടുതൽചിട്ടപ്പെടു ത്താൻ സഹായിക്കുന്നു.ചുരുക്കത്തിൽ, ഒരു വിദ്യാലയ മാസ്റ്റർ പ്ലാൻ എന്നത് ഒരു വിദ്യാലയത്തിന്റെഎല്ലാമേഖലകളിലുമു ള്ളചിട്ടയായയവളർച്ചയ്ക്കുംമുന്നേറ്റത്തി നും അത്യന്താപേക്ഷിതമായ ഒന്നാണ്. ഇത് വിദ്യാലയത്തെ ഭാവിയിലേക്ക് നയിക്കുന്ന ഒരു വഴികാട്ടിയാണ്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് - ഒന്ന്

## ചെറുവണ്ണൂർ നോർത്ത് മോഡൽ എൽ. പി. സ്കൂൾ 2025-26

### ആമുഖം

മലയാളം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വെക്കുന്നത്. എഴുത്ത് വായന, മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ഈ വർഷം മെയ് മാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ

1) ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളേയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക

2) എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവുണ്ടെന്ന് ഉറപ്പു വരുത്തുക.

3) ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു-വായിക്കുന്നു.

4) കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.

5) ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ ലഘുകഥകൾ എഴുതുന്നു

6) ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.

7) സർഗാത്മക പ്രവർത്തനങ്ങളിലേർപ്പെടുന്നു.

8) ആശയങ്ങൾ ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകളൊരുക്കുന്നു.

9) പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിലേർപ്പെടുന്നു

10) രക്ഷിതാവിന്റേയും, അധ്യാപകരുടേയും സഹായത്തോടെ സംയുക്ത ഡയറി ചെയ്യപ്പെടുന്നു

## ജൂൺ- 2025

### പ്രവർത്തനങ്ങൾ

1) സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ
2) സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക
3) അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
4) താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ
5) ക്ലാസ് പിടിഎ വിളിച്ച് രക്ഷിതാക്കളെ ബോധവത്ക്കരണം നടത്തൽ

## ജൂലായ്

1) സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
2) കുട്ടിക്ക് കഥ പറയാൻ അവസരമൊരുക്കൽ
3) വായനാമൂല, ക്ലാസ്‌ലൈബ്രറി ഒരുക്കൽ.

4) രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുത്ത് തുടങ്ങുന്നു.

5) ചെറിയ കഥകൾ കേൾക്കാനവസരം ഒരുക്കുന്നു

6) അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

7) ചിത്ര വായനക്ക് അവസരം ഒരുക്കുന്നു. വാചികമായി പ്രകടിപ്പിക്കാനവസരം നൽകുന്നു

ഭാഗസ്സ്

പ്രവർത്തനങ്ങൾ

1) റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാലകൾ പാട്ടരങ്ങ് മലയാളം മധുരം പ്രവർത്തനങ്ങൾ

2) ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.

3) സംയുക്ത ഡയറി എഴുത്ത് തുടരുന്നു

4) പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു

5) ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്രവായനാ കാർഡുകൾ എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.

6) രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.

7) ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

1) സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരമൊരുക്കുന്നു

2) സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു

3) ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത- ഡയറി മെച്ചപ്പെടുത്തുന്നു.

4) വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു-

5) കുട്ടികളെ സ്വതന്ത്ര വായനക്കാരും, സ്വതന്ത്ര രചയിതാക്കളുമാക്കി മാറ്റുന്നു

ഒക്ടോബർ

പ്രവർത്തനങ്ങൾ

1) വായനോത്സവം സംഘടിപ്പിക്കുന്നു

2) ആസ്വാദ്യകരമായ വായന നടത്തുന്നു

3) ചിത്രവായനയ്ക്ക് അവസരമൊരുക്കുന്നു

4) രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

5/ ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്ത
നങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു

## നവംബർ

### പ്രവർത്തനങ്ങൾ

1) സംയുക്ത ഡയറി എഴുത്ത് കുട്ടികളെ മെച്ചപ്പെട്ട
ത്തി സ്വതന്ത്ര രചയിതാക്കൾ ആക്കുന്നു

2) കൂട്ട വായന, നാട്ടുവായന, വീട്ടുവായന, ചിത്ര
വായന, ഇവയെ പ്രോത്സാഹിപ്പിക്കൽ

3) വായനോത്സവം തുടങ്ങുന്നു

4) പത്രവായനയ്ക്ക് അവസരം ഒരുക്കൽ

5) താളാത്മക കവിതകൾ ചൊല്ലൽ

6) സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടു
തലാക്കുന്നു

7) ചെറിയ വായനാ കാർഡുകൾ ബാലസാഹിത്യകൃ
തികൾ എന്നിവ ഉപയോഗിച്ച് പരസ്പര സഹാ
യിച്ച് കൂട്ട വായന നടത്തുന്നു

8) ദൈനം ദിന അനുഭവങ്ങൾ വാർത്ത രൂപത്തി
ൽ തലക്കെട്ട് എഴുതുന്നു

9) ക്ലാസ് പത്രം രൂപപ്പെടുത്തുന്നു

ഡിസംബർ

പ്രവർത്തനങ്ങൾ

1) ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും രസകരവുമായി അവതരിപ്പിക്കൽ.

2) രചനാശേഷി പരിപോഷിപ്പിക്കൽ

3) ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാതെ എഴുതുന്നു

4) രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറുഗ്രൂപ്പുകളായി പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.

5) ചെറു കവിതകൾ, കഥകൾ എഴുതാൻ ശ്രമിക്കുന്നു

6) കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു

7 സംയുക്ത ഡയറി കുട്ടികൾ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

1) കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘു രചനാശില്പശാലകൾ നടത്തുന്നു

2) തിയേറ്റർ സാധ്യതകൾ, വായനാകേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു

3) കുട്ടികൾ എഴുതിയ ചെറുകവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം.

4) സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടേയും മികച്ച

രചനകൾ ഡിജിറ്റൽ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കുന്നു

5) കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു

6 മികവുകൾ സമൂഹത്തിന് മുമ്പിൽ പ്രകടിപ്പിക്കുന്നു

ഫെബ്രുവരി

പ്രവർത്തനങ്ങൾ

1) ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ നടപ്പിലാക്കുന്നു

2) കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു

3) ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരമൊരുക്കുന്നു

4 ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു

5 കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുന്നു

മാർച്ച്

പ്രവർത്തനങ്ങൾ

1) കുട്ടികൾ തയ്യാറാക്കിയ കഥ, കവിത പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു

2) വീട്ടുവായന, കൂട്ടവായന നാട്ടുവായന അമ്മവായന ചങ്ങല വായന സ്വതന്ത്രവായന ഇവയ്ക്ക് പ്രോത്സാഹനം നൽകുന്നു

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

1) കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്

2) കുട്ടികളുടെ മികച്ച രചനകൾ വായനാകാർഡുകളാക്കി മാറ്റിയിട്ടുണ്ട്.

3 രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

4 മികവുകൾ സമൂഹത്തിനു മുമ്പിലെത്തിക്കുന്നു

5 സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു

6) ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു

7) സർഗാത്മക ശേഷി വികസനത്തിനുള്ള കളിവഴികൾ സാധ്യതകൾ ഉണ്ടാക്കുന്നു.

8) സചിത്ര പാഠ പുസ്തകങ്ങളുടെ പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു

Acadamic Master Plan Class-I

English

Aim: To Speak, Read & write English without any mistakes.

Time: June, July, August.

June- Pretest

To develop listening skills & reading skills first.

Listening skills.

Games, Action songs, Hello English activities conversations, skit, stories, use ICT

Speaking skills

Descriptions, growing sentences, Picture reading Picture description, self introduction, Assembly Activities, speech, book review, quiz, riddles self introduction, school radio etc.

July & August-

Reading skills

News paper reading library books reading,

books review, reading, breaking news, find words collect and read past tense, rhyming words, describing words etc. Text book - activities .

writing skills

Make word web, Picture description word Chain sentence chain, make words & sentences make riddles conversations, Add more lines develop story description, notice proclamation diary letter Announcement, magazines.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് - 1 . ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതരപ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്നിലായി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്

ലക്ഷ്യങ്ങൾ

* ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
* അഞ്ച് വരെയുള്ള എണ്ണങ്ങൾ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
* അഞ്ച് വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു
* ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു എഴുതുന്നു വായിക്കുന്നു
* ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തിരിച്ചറിയുന്നു

· വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തുന്നു

* സംഖ്യകളെ ആരോഹണം അവരോഹണം ആയി
ആക്കുന്നു

* രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം

* രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം

* ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം

* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും
എഴുതുകയും വായിക്കുകയും ചെയ്യുന്നു

* ഒരക്ക സംഖ്യ പാറ്റേൺ രൂപീകരിക്കൽ

* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന
ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യു
ന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു. പറയുന്നു.
* സംഖ്യാ കാർഡ് നിർമ്മിക്കൽ

ജൂലൈ

* ഗണിത പഠനത്തിന് സഹായകരമായ തരത്തി
വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കു
* സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

## ഓഗസ്റ്റ്

- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
- ഒറ്റക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ
- ഒറ്റക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ

## ഒക്ടോബർ

- ഒറ്റ സംഖ്യയും ഇരട്ടസംഖ്യയും തിരിച്ചറിയൽ
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യകൾ എന്ന തിരിച്ചറിവ്
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

## നവംബർ

* സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

## ഡിസംബർ

* സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ കഴിയൽ
* ഗണിത ആൽബം തയ്യാറാക്കൽ

## ജനുവരി

* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* സങ്കലനം, വ്യവകലനം, ചിഹ്നങ്ങൾ തിരിച്ചറിയുന്നു
* ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു

## ഫെബ്രുവരി

* ഗണിത ആൽബം പി.ടി.എയിൽ പ്രദർശിപ്പിക്കുന്നു
* വില വിവരപ്പട്ടിക ഉപയോഗ വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

## മാർച്ച്

* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കംപ്ലീറ്റ് ചെയ്യുന്നു
* ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
* ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ
* സംഖ്യകളുടെ പകുതി ഇരട്ടി, എന്നിവ തിരിച്ചറിയുന്നു

# അക്കാദമിക മാസ്റ്റർ പ്ലാൻ — II nd std
[മലയാളം]

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കൽ | • ചിത്രകാർഡുകൾ നൽകൽ<br>• ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ<br>• വായനയും എഴുത്തും വികസിപ്പിക്കുന്ന തന്ത്രങ്ങൾ | ജൂൺ |
| ആശയ ഗ്രഹണ വായന ഉറപ്പാക്കൽ | • ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു<br>• ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു. സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു. | ജൂലൈ |
| | • ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ<br>വീട്ടുലൈബ്രറി ഒരുക്കൽ<br>ചിത്രവിവരണം | ആഗസ്റ്റ് |
| | • വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ<br>• വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ<br>• കഥ അഭിനയിക്കാം | സെപ്റ്റംബർ |

| | | |
|---|---|---|
| | നേരത്തേ വായിച്ചറിഞ്ഞ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കൽ | ഒക്ടോബർ |
| സർഗാത്മകതയെ തട്ടിയുണർത്തൽ | കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം നൽകുന്നു | നവംബർ |
| | ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതയോഗ്യതകൾ വളർത്താൻ അവസരം ഒരുക്കുന്നു. | ഡിസംബർ |
| ഉചിതമായ വ്യവഹാരങ്ങളിലെ ലേഖനമികവ് | വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാപൂരണം) ലഘുവിവരണങ്ങൾ | ജനുവരി |
| | എല്ലാമേഖലകളിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തൽ. കുട്ടികൾക്ക് സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ | ഫെബ്രുവരി |

| | |
|---|---|
| സൃഷ്ടിഗതരചനയെ പ്രോത്സാഹിപ്പിക്കൽ<br>ഓരോകുട്ടിയും ഓരോ പതിപ്പുകൾ, കൈയ്യെഴു<br>ത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ<br>വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, ചിത്ര<br>വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.<br>പഠനോത്സവം. | മാർച്ച് |

[ഗണിതം]

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| ഗണിതചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം<br>കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ | ആഴ്ചയിൽ ഒന്ന് വീതം |
| | ഗണിത ക്ലബ് (ഗണിതം കളികളിലൂടെ | മാസത്തിൽ ഒന്ന് വീതം |
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിതമാഗസിൻ | ജൂൺ - മാർച്ച് |
| | 2) ഗണിതത്തിലെ ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം<br>ഏകദിന ക്യാമ്പ് | സെപ്തംബർ |
| | 3) ഗണിത ക്യാമ്പ്<br>ഗണിത പ്രവർത്തനങ്ങൾ കളികളിലൂടെ | മാസത്തിൽ ഒന്ന് വീതം. |
| ഗണിത ചിന്തയിൽ പൂർണ്ണതയിലൂടെ ഗണിതം ലളിതമാക്കൽ. | മെട്രിക് മേള<br>ഗണിതോത്സവം. | ജനുവരി. |
| പഠനമികവ് പ്രദർശനം | പഠനോത്സവം | മാർച്ച് |

[പ്രിസ്ഥാനം]

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| ശുചിത്വബോധവും വ്യക്തിത്വവും ആരോഗ്യം സൃഷ്ടിക്കുന്നതിന് | ശുചിത്വസർവ്വേ ക്ലാസുകൾ<br>പോസ്റ്റർ രചനാമത്സരങ്ങൾ<br>അവതരണങ്ങൾ | ജൂൺ - ജൂലൈ |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്<br>കണ്ണാക്കാഴ്ചകൾ | സപ്തംബർ<br>ഡിസംബർ |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം<br>കൃഷിയിടത്തിലേക്ക്<br>നമുക്കും കർഷകരാകാം. | ജനുവരി |
| ശാസ്ത്രബോധം വളർത്തുക. | കണ്ടെത്താം അറിയാം.<br>ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു. | ജൂൺ - ആഗസ്റ്റ് |
| പ്രകൃതിവിഭവ സംരക്ഷണം. | പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളിലെ പങ്കാളിത്തം. | ജൂലൈ - ഡിസംബർ |
| പഠനമികവ് അവതരണം | പഠനോത്സവം. | മാർച്ച് |

[ഇംഗ്ലീഷ്]

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk.... പ്രതിഭകളുമായി സംവദിക്കൽ | മൂന്നുമാസത്തിലൊന്ന് |
| | English ബാലസഭ | മാസത്തിലൊന്ന് |
| | ഇംഗ്ലീഷ് അസംബ്ലി One day English. | ആഴ്ചയിലൊന്ന്. |
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരങ്ങൾ ഒരുക്കൽ | കാർട്ടൂൺ പ്രദർശനം. സിനിമാ പ്രദർശനം. | മാസത്തിലൊന്ന് |
| വായന-ശേഷി മികവും ഉച്ചാരണവും. | വാർത്താവായനാമത്സരം വായനാക്യാമ്പ് | മാസത്തിലൊന്ന് |
| | ക്ലാസ് ലൈബ്രറി വിതരണം. | ജൂൺ - മാർച്ച് |

# അക്കാദമിക്ക് മാസ്ററർ പ്ലാൻ

## ചെറുവണ്ണൂർ നോർത്ത് എം.എൽ.പി.സ്കൂൾ, ക്ലാസ് 3

## മലയാളം

## ലക്ഷ്യങ്ങൾ

***പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും***

൧ സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സാംശീകരിക്കും അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി ഉപയോഗിക്കും

൨ കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.

൩ രചനകൾ ഭാവാത്മകമായി വായിക്കും.

൪ കഥ,കവിത,നാടൻപാട്ടുകൾ,കടങ്കഥ,പഴഞ്ചെല്ല്- മുതലായവ ഹൃദിസ്ഥമാവുകയും പുതിയരീതികളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും

൫ ലഘുവായ സർഗാത്മക രചനകൾ നടത്തും.

൬ കഥകളേയും,കവിതകളേയും മററും നാടകം,ചിത്രീകരണം തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.

൭ ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും.

## ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ

### ജൂൺ-ജൂലായ്

**കനകചിലങ്ക**

- നാടൻ പാട്ടുകൾ ശേഖരണം
- പഴഞ്ചൊല്ലുകൾ ശേഖരണം
- കഥാശേഖരണം
- നാടൻ പാട്ടിലെ താളം
- കടങ്കഥാ ശേഖരണം
- കലാകാരനെ പരിചയപ്പെടാം
- കലാരൂപങ്ങൾ വേഷം

ആഗസ്റ്റ്, സെപ്തംബർ

2. പലഹാരപ്പൊതി

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
- നാടക ശില്പശാല
- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
- പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ മാതൃകകൾ
- ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം
- സ്കൂൾ പത്രം
- വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ
-
-
-

സി പി ടി എ ഒന്നാം മികവുത്സവം

നാടോടിക്കഥകളുടെ അവതരണം
നാടൻ പാട്ടുകളുടെ അവതരണം
പാവനാടകം അവതരണം,

ഒക്ടോബർ

3. മനുഷ്യന്റെ കൈകൾ

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം
- കുട്ടിക്കളികൾ:_ കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്
- നാടൻ പാട്ട് ശില്പശാല
-
-

# അക്കാദമിക് മാസ്ററർപ്ലാൻ

ചെറുവണ്ണൂർ നോർത്ത് എം.എൽ.പി.സ്കൂൾ ക്ലാസ് 3

*ഗണിതം*

## ലക്ഷ്യങ്ങൾ

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിതപഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസ്സിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്.സ്ഥലപരവും ദിശാപരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്കു വഹിക്കുന്നുണ്ട്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക,എഴുതുക,വായിക്കുക എന്നീ ശേഷികൾ നേടാനും നിത്യ ജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസിലെ ഗണിത പഠന ലക്ഷ്യം

നിത്യ ജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന

പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു.രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാന വിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മന ഗണിതത്തിനു പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെൻറീമീററർ, മീററർ,എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരിക്കിയിരിക്കുന്നു. സ്കെയിൽ,ടാപ്പ് എന്നിവ ഉപയേഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്.ഈ യൂണിററുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു.പ്രായോഗിക പ്രശ്നങ്ങളും യൂണിററിൽ അവതരിപ്പിക്കുന്നു. ഗുണന ചിന്തയോടൊപ്പം ഗുണന ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ.-</u>

<u>ജൂൺ-ജൂലായ്</u>

യൂണിററ്-1

രൂപങ്ങൾ വരയ്ക്കാം

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ തോരണം

ിർമ്മാണം,തോണി നിർമ്മാണം, ചതുരം വട്ടം ത്രികോണം എന്നീ

രൂപങ്ങൾ ചേർത്ത് വെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

## ജൂലായ്-ആഗസ്ററ്

ഓരോകുട്ടിക്കും കണക്കുപ്പെട്ടി.(ഗണിത ശിൽപ്പശാല നിർമ്മിക്കേണ്ടത്)

1 മുതൽ 100 വരെ എഴുതിയ ടോക്കൺ ,കളിനോട്ടുകൾ കാണ്യ

കെട്ടുകൾ,സംഖ്യാ സ്ലിപ്പുകൾ,അബാക്കസ ആഗസ്ററ് -സെപ്റ്റംബർ

പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം.

## ഒക്ടോബർ

സ്കയിൽ നിർമാണം,കുട്ടികളുടെ ഉയരം വണ്ണം തൂക്കം ക്യാമ്പ്.

## നവംബർ-ഡിസംബർ

ഗുണന വസ്തുത കാർഡ് നിർമമാണം

# ചെറുവണ്ണൂർ നോർത്ത് എം എൽ പി സ്കൂൾ

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26.

ക്ലാസ് . മൂന്ന് എ വിഷയം പരിസരപഠനം

ലക്ഷ്യം ഒന്ന്

പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവുംവളർത്തുക.

| നമ്പർ | മാസം | പ്രവർത്തനം |
|---|---|---|
| ഒന്ന് | ജൂൺ---<br>ഒക്ടോബർ | പ്രകൃതിനടത്തം<br>ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം-പ്രത്യേകതകൾ മനസിലാക്കാം<br>നമുക്ക് ചുറ്റുമുള്ള മലിനീകരണ പ്രശ്നങ്ങൾ അനുഭവിച്ചറിയാം സ്വയംതിരുത്താം.<br>പ്രകൃതിക്ക് ഭീഷണിയാവുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസിലാക്കാം<br>പ്രദർശനം----------ചർച്ച-തെറ്റും ശരിയും. |
| രണ്ട് | ജൂൺ-മാർച്ച് | പൂന്തോട്ട നിർമാണം<br>-വീട്ടിൽ ഒരു പൂന്തോട്ട നിർമ്മിക്കൽ |
| മൂന്ന് | ജൂൺ-മാർച്ച് | ഒരു തൈ നടാം<br>വൃക്ഷ തൈ നടീൽ , നട്ട വൃക്ഷ തൈ പരിപാലിക്കൽ |
| നാല് | ജൂൺ | പോസ്റ്റർ നിർമാണം<br>പ്രകൃതിസംരക്ഷണ പോസ്റ്റർ നിർമാണം, പരിസരങ്ങളിൽ പതിക്കൽ. |
| അഞ്ച് | മാർച്ച് --മേയ് | ദാഹജലം<br>പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം നൽകൽ. |

ക്ലാസ് ടീച്ചർ

ജിതേഷ് കുമാർ.പി

# MASTER PLAN

## cheruvannur north M.L.P.School STD 3

## ENGLISH

**AIM**

To Speak, Read&Write English without any mistake.

**Time:-June to march**

To check the vocabulary and writing skills of pupils.

**Activities**

*JUNE AND JULY*

To develop listening skills and reading skills.

Listening skills:

Games, Action songs.

.Hello English Activities
.Conversation
.Skit stories
.Use ICT

Speaking skills:-

Identify the action words from the picture.

Make the simple sentences using the word about picture.

Make simple description about the picture.

Growing sentences, picture reading, self introduction.

***August and September***

Develop the creative speaking and writing.
Reading skills.
Books reading
Collect and read past tense
Rhyming words
Tb Activities

<u>Writing Skills</u>

Make word web picture description.

Word chain
Make words&Sentences
Make riddles, conversations
Add more lines.

**<u>October and November</u>**

To express thoughts, feelings etc.....

*Reading skills*

Library book reading
conversations, skit stories use ICT
Read notice
Develop Stories

Writing Skills

Description
Thought

**<u>December and January.</u>**

Develop the creative speaking and writing.

*Reading skills*

Library books reading
Conversation, Skit stories use ICT
Develop stoıy
Read dairy

Writing Skills

Dairy
Announcement

**<u>February and March</u>**

To improve the presentation power.

Reading Skills

Library books reading Conversations, skit stories
Develop story.

Writing Skills:

Dairy, Description, Thoughts, Exhibition.

# ചെറുവണ്ണൂർ നോർത്ത് മാപ്പിള എൽ പി സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# നാലാം തരം

# 2025-2026

## അഷറഫ്. ടി.

## ക്ലാസ് ടീച്ചർ നാലാം തരം

ലക്ഷ്യം: നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | കാലം | പങ്കാളികൾ | സാമ്പത്തികം |
|---|---|---|---|---|
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, അനുസ്മരണ പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗ്ഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം). | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

**2.** വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ടു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | എഴുതാനുള്ള ശേഷി. | ദിവസം (വർഷം മുഴുവൻ) | | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling). | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാകുറിപ്പ് - | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പുസ്തക പരിചയം. | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | വർഷത്തിലൊന്ന് (അവധിക്കാലം) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |

**3. കളിക്കാം... ഗണിക്കാം... (ഗണിത പഠനം)**

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം- വ്യവകലനം, കച്ചവടക്കളി). | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം. | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ. | | | | |
| ഗണിത | പഠനോപകരണങ്ങളി | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണ ശില്പശാല | ളുടെ ഗണിത പഠനം രസകരമാക്കൽ. | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | | | | |

**4. അറിയാം... അടുത്തറിയാം... (പരിസര പഠനം)**

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം-അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രമേള | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | | | | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | | | |
| കേരളം - ഇന്ത്യ- ഭൂപട വായന. | | | | |
| ശാസ്ത്ര വിസ്മയ പുർ | ശാസ്ത്ര പാഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പാഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പാഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | | |
| ശാസ്ത്രമാസിക | അറിവുകളുടെ രചന. | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പാഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |

**5.** അറിവിന്റെ പടവുകൾ (അറബി ഭാഷാ പഠനം)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | അക്ഷരവായന, ക്ലാസ് വായന, ലൈബ്രറി വായന, ചിത്ര വായന, മാഗസിൻ വായന, വീട്ടുവായന, കഥാ വായന, വായനാമത്സരങ്ങൾ, മോണിറ്ററിംഗ്. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA, SRG |
| ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | വാക്യങ്ങൾ ഉറപ്പിക്കൽ, വ്യാകരണങ്ങൾ, ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| | സംഭാഷണങ്ങൾ കേൾപ്പിക്കുന്നു, ലാംഗ്വേജ് ഗെയിംസ്, റോൾ പ്ലേ, ക്ലാസ് സംഭാഷണം, കാർട്ടൂൺ പ്രദർശനം. | | | | |
| പദസമ്പത്ത് വർദ്ധിപ്പിക്കൽ, ഡ്രമാറ്റൈസേഷൻ. | | | ഫെബ്രുവരി | | |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ, പദങ്ങൾ ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, കുട്ടി എഴുത്ത്, അക്ഷരക്കാർഡ് നിർമ്മാണം, കൈയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം, ചാർട്ടെഴുത്ത്, ചിത്രകഥ നിർമ്മിക്കൽ. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |
| Translation: Malayalam to Arabic, Arabic to Malayalam, Arabic to English, English to Arabic. | | II-IV | ജൂൺ-മാർച്ച് | | |

ചെറുവണ്ണൂർ നോർത്ത് എ.എം.എൽ.പി.

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | അറബിക് മധുരം<br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കാനുള്ള പ്രത്യേക പരിശീലനം | എഴുത്ത്, വായന:<br>ടെസ്റ്റ് നടത്തി പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>- അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ അക്ഷരങ്ങൾ കാണിച്ച് അതിന് നിറം നൽകുന്നു.<br>- അക്ഷര ചെപ്പുകളിലൂടെ കുട്ടികൾ തെരഞ്ഞെടുത്ത് അക്ഷരങ്ങൾ പഠിക്കുന്നു.<br>- പ്രത്യേകം തെരഞ്ഞെടുത്ത മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ച ഭാഗത്ത് അറബിക് മധുരം നൽകുന്നു. | 2 മാസം | പുസ്തകങ്ങൾ<br>കമ്പ്യൂട്ടർ<br>ചാർട്ട് | ബി. ആർ. സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | സഹായങ്ങൾ: |
|---|---|---|---|---|---|
| 2 | വായന ലോകം<br>ലക്ഷ്യം:<br>കുട്ടികളെ വായന ലോകത്തേക്ക് കൊണ്ട് വരൽ. | 1) തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)<br>2) ക്ലാസ് വായന: ഓരോ അറബിക് പിരിയഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ആദ്യ പേജ് ഉറക്കെ വായിക്കുന്നു. വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തി വെക്കുക. കൂടുതൽ ബുക്കുകൾ വായിച്ച കുട്ടിക്ക് സമ്മാനം നൽകുക. | [illegible]<br>ക്ലാസ് ലൈബ്രറി<br>പുസ്തകങ്ങൾ | മാസം | • അറബിക് അധ്യാപകർ<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അധ്യാപകർ<br>• ഭാഷാ സ്നേഹികൾ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യുക.<br>• സർക്കാർ ഫണ്ട്. |

| | | | | |
|---|---|---|---|---|
| 3 അന്യാദരബോധം | അന്യാദര സഭ:<br>• പാഠഭാഗം പറയാതെ കഴിയുന്ന വികല പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ അഭ്യസിപ്പിക്കുവാനും ശേഖിക്കാനും അവസരം സൃഷ്ടിക്കുവാൻ ഓരോ പരിപാടികൾ അന്യാദര സഭ ചേരുന്നു.<br>• കാഴ്ചയും കേൾവിയും ഡൗൺലോഡ് ചെയ്തെടുത്ത വികല അംഗർക്ക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും പ്രൊജക്ടിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കുന്നു. | ബോധം | സ്കൂൾ ഹാൾ<br>എൽ.സി.ഡി<br>കമ്പ്യൂട്ടർ. | |

| | | | | | |
|---|---|---|---|---|---|
| 4 | അറബിക് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുന്നു. ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക. അറബിക് പുസ്തകങ്ങളും അറബി സാഹിത്യകാരൻമാരെയും പരിചയപ്പെടുത്തൽ. | 1 വർഷം | | |
| 5 | അറബിക് ഫെസ്റ്റ് | അറബി ദിനത്തിലോ അല്ലാതെയോ അറബിക് ഫെസ്റ്റ് നടത്തുക. | | സ്കൂൾ ഹാൾ പുസ്തകങ്ങൾ സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ ഭാഷാ സ്നേഹികൾ അറബി ഭാഷാ പണ്ഡിതന്മാർ |
| 6 | സ്കൂൾ വാർഷികം | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം, ചിത്രീകരണം, ഗാനങ്ങൾ തുടങ്ങിയ ഇനങ്ങൾ പ്രോഗ്രാമിന് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | |

| | | | | | |
|---|---|---|---|---|---|
| 7 | മത്സരങ്ങളുടെ ലോകം | കുട്ടികൾ വിദ്യാർത്ഥികളിലെല്ലാം വ്യത്യസ്ത കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് അനുയോജ്യ മത്സരങ്ങൾ സംഘടിപ്പിക്കുക. ഉദാഹരണം.<br>1- ക്വിസ്<br>2- പദ നിർമ്മാണം<br>3- കഥ പറയൽ<br>4- കവിത ചൊല്ലൽ<br>5- കളറിങ്<br>6- മെമ്മറി ടെസ്റ്റ്<br>7- ഗദ്യ വായന<br>8- ആംഗ്യപാട്ട്. | | | |
| 8 | ദിനാചരണം | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു.<br>- ക്വിസ് മത്സരം നടത്തുന്നു. | 1 വർഷം. | | |